(സി) എക്സൈസ് വകുപ്പ് 34 കേസുകളിലായി ആകെ 21 പ്രതികളെ പിടിച്ചിട്ടുണ്ട്. പോലീസ് വകുപ്പ് 13 കേസുകളിൽ പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്.

കള്ളുഷാപ്പുകൾ വഴിയുള്ള ചാരായ വില്പന

43 [222] *ശ്രീ. പി. എസ്. സുപാൽ*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യാപകമായി കള്ളുഷാപ്പുകൾവഴി ചാരായം വില്പന നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 2003-2004, 2004-2005 വർഷങ്ങളിൽ ഇത്തരത്തിൽ എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തു; ഇതിൽ എത്രപേരെ അറസ്റ്റ് ചെയ്തു; അറസ്റ്റ് ചെയ്തവരിൽ എത്ര ഷാപ്പുടമകൾ ഉൾപ്പെട്ടിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ചില ജില്ലകളിലെ ഏതാനും കള്ളുഷാപ്പുകളിൽ ചാരായം വില്ക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) വിവരം ചുവടെ കൊടുത്തിരിക്കുന്നു.

പോലീസ് രജിസ്റ്റർ ചെയ്ത കേസുകൾ

വർഷം	കേസുകളുടെ എണ്ണം	പ്രതികളുടെ എണ്ണം	ഷാപ്പുടമകളുടെ എണ്ണം
2003-2004	20	38	11
2004-2005	9	14	6
ആകെ	29	52	17

എക്സൈസ് വകുപ്പ് രജിസ്റ്റർ ചെയ്ത കേസുകൾ

2003-2004	55	70	11
2004-2005	64	59	5
ആകെ	119	129	16

വിറ്റഴിച്ച മദ്യത്തിന്റെ കണക്ക്

44 [223] *ശ്രീ. കെ. പി. രാജേന്ദ്രൻ*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിറ്റഴിക്കുന്ന മദ്യത്തിന്റെ അളവ് വർദ്ധിക്കുന്നുണ്ടോ; സംസ്ഥാന ബിവറേജസ് കോർപ്പറേഷൻ വഴി 2001-2002, 2002-2003, 2003-2004, 2004-2005 വർഷങ്ങളിൽ വിറ്റഴിച്ച മദ്യം എത്ര;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ബിവറേജസ് കോർപ്പറേഷൻ കഴിഞ്ഞ 4 വർഷങ്ങളിൽ വിറ്റഴിച്ച മദ്യം ഏതൊക്കെ കമ്പനികളിൽ നിന്നാണ് വാങ്ങിയിട്ടുള്ളത്; ഇതിൽ ഓരോ ബ്രാന്റ് ഇനങ്ങളിലായി വാങ്ങിയ മദ്യം എത്ര എന്ന് വിശദമാക്കുമോ;

(സി) സംസ്ഥാനത്തെ ബാറുകളിലും ഹോട്ടലുകളിലും വിദേശ മദ്യവില്പന ശാലകളിലും ക്ലബുകളിലുമായി ബിവറേജസ് കോർപ്പറേഷൻ വഴി ഓരോ മേഖലയിലും വിറ്റഴിച്ച മദ്യം എത്ര;

(ഡി) ബിവറേജസ് കോർപ്പറേഷനു പുറമെ കൺസ്യൂമർഫെഡ് വഴി വിറ്റഴിച്ച മദ്യത്തിന്റെ കണക്ക് വിശദമാക്കുമോ;

(ഇ) സംസ്ഥാനത്ത് ഈ രണ്ട് സ്ഥാപനങ്ങൾക്കു പുറമേ മറ്റേതെങ്കിലും ഏജൻസികൾ വഴി മദ്യം വിറ്റഴിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) വർദ്ധനവ് ഉണ്ടായിട്ടുണ്ട്. 2001-2002 മുതൽ 2004-2005 സാമ്പത്തിക വർഷം വരെ വിറ്റഴിച്ച മദ്യത്തിന്റെ കണക്കുകൾ അനുബന്ധം 1-ൽ രേഖപ്പെടുത്തിയിട്ടുണ്ട്.†

(ബി) 2001-2002 മുതൽ 2004-2005 സാമ്പത്തിക വർഷം വരെ ഏതൊക്കെ കമ്പനികളിൽ നിന്നാണ് മദ്യം വാങ്ങിയതെന്നും അവ ഏതെല്ലാം ഇനങ്ങൾ എത്രയാണെന്നും അനുബന്ധം 2-ൽ രേഖപ്പെടുത്തിയിട്ടുണ്ട്.†

(സി) 2004-2005 സാമ്പത്തിക വർഷത്തിൽ സംസ്ഥാന ബിവറേജസ് കോർപ്പറേഷൻ വഴി ബാർ ഹോട്ടലുകൾക്ക് 32.91 ലക്ഷം കെയ്സ് മദ്യത്തിന്റെയും വിദേശമദ്യ വില്പനശാലകൾക്ക് 75.88 ലക്ഷം കെയ്സ് മദ്യത്തിന്റെയും ക്ലബുകൾക്ക് 0.13 ലക്ഷം കെയ്സ് മദ്യത്തിന്റെയും വില്പന നടത്തിയിട്ടുണ്ട്.

(ഡി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ഇ) ഇല്ല.

ഗാർഡ് തസ്തികയിലെ നിയമനം

45 [224] *ശ്രീ. കെ. വി.മോഹനൻ*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എക്സൈസ് വകുപ്പിൽ ഗാർഡ് തസ്തികയിൽ എത്ര ഒഴിവുകൾ ഉണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) കണ്ണൂർ ജില്ലയിൽ പുതുതായി ആരംഭിക്കുന്ന പഴയങ്ങാടി റെയ്ഞ്ച്, ഇരിട്ടി റെയ്ഞ്ച് എന്നിവിടങ്ങളിൽ നിലവിലുള്ള റാങ്ക് ലിസ്റ്റിൽ ഉള്ളവരെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ?

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly